DESPATCHED
On..16/5/22..

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 184(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 3414/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

## സന്നിഹിതൻ

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 മേയ് 11**

ശ്രീ. പ്രസാദ് ബി.,
കുളത്തിങ്കൽ വീട്,
പി.ഒ. പുള്ളോട്,
ആലത്തൂർ, പാലക്കാട് – 678 545.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട് (എഫ് സെക്ഷൻ),
താലൂക്ക് ഓഫീസ്,
ആലത്തൂർ, പാലക്കാട്.

2) അപ്പീൽ അധികാരി &
ഭൂരേഖാ തഹസിൽദാർ,
താലൂക്ക് ഓഫീസ്, ആലത്തൂർ.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 29/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 29/12/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 03/01/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 21/03/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 21/02/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 23/02/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03/03/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 26/03/2022 |
| ഹിയറിംഗ് നടന്ന തീയതി | 10/05/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എതിർകക്ഷികൾ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

ശ്രീ. പ്രസാദ് ബി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനെ തുടർന്ന് നൽകിയ അപ്പീലിനും യാതൊരു മറുപടിയും ലഭിച്ചില്ലെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കി എതിർകക്ഷികൾക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 29.11.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ആലത്തൂർ താലൂക്കിലെ എരിമയൂർ-1 വില്ലേജ് പുളേളാട് താമസിക്കുന്ന ശ്രീ.ബാലസുബ്രഹ്മണ്യൻ എന്നയാളുടെ പുരയിടം നിൽക്കുന്ന സ്ഥലം 28.9.2021-ന് ആലത്തൂർ താലൂക്ക് സർവ്വെയർ അളന്ന് അതിർത്തി പുനർനിർണ്ണയം ചെയ്തു കൊടുത്തിട്ടുണ്ടോ ഇല്ലയോ എന്ന വിവരം അറിയിക്കണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 29.12.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ മറുപടി ലഭിച്ചിട്ടില്ലെന്ന് ആരോപിച്ചുകൊണ്ട് ഹർജിക്കാരൻ 03.01.2022 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചു. ടി അപ്പീലിന് ഹിയറിംഗ് തീയതി അറിയിച്ചുകൊണ്ട് 20.01.2022 തീയതി നോട്ടീസ് നൽകിയ അപ്പീൽ 21.3.2022-ന് തീർപ്പാക്കിയതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി 21.3.2022 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ നൽകിയ അപ്പീൽ അപേക്ഷയും ടി കാര്യാലയത്തിൽ ലഭിച്ച വിവരാവകാശ അപേക്ഷയും ഒന്നാം അപ്പീൽ അപേക്ഷയും പരിശോധിച്ചതിൽ ടിയാന്റെ വിവരാവകാശ അപേക്ഷ 30.11.2021-ന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് ലഭ്യമായിട്ടുള്ളതും, ആയതിൽ ശ്രീ.കെ.ബാലകൃഷ്ണൻ എന്നവരുടെ സ്ഥലം 28.9.2021-ന് അതിർത്തി പുനർനിർണ്ണയം ചെയ്ത് നൽകിയിട്ടുള്ളതാണോ എന്ന വിവരം ആവശ്യപ്പെടുന്നതായും കാണുന്നു എന്നും ആയതിന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ 29.12.2021-ന് മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടിയിൽ അപേക്ഷകൻ ആവശ്യപ്പെട്ട വിവരമായ ശ്രീ.കെ.ബാലകൃഷ്ണൻ എന്നവരുടെ സ്ഥലം 28.09.2021-ന് ആലത്തൂർ താലൂക്ക് സർവ്വെയർ അതിർത്തി പുനർനിർണ്ണയം ചെയ്ത് നൽകിയിട്ടുള്ളതായി വ്യക്തമാക്കുന്നു എന്നും 4.1.2022-ന് സമർപ്പിച്ച ഒന്നാം അപ്പീൽ അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിനായി 25.1.2022-ന് അപേക്ഷകനെയും എസ്.പി.ഐ.ഒ.യേയും നേരിൽ കേൾക്കുന്നതിന് നോട്ടീസ് നൽകിയെങ്കിലും എസ്.പി.ഐ.ഒ. ഹാജരായിയെങ്കിലും അപേക്ഷകൻ ഹാജരായിരുന്നില്ല എന്നും അന്നേ ദിവസം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ സ്റ്റേറ്റ്മെന്റിൽ അപേക്ഷകൻ ആവശ്യപ്പെട്ട വിവരം നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷകന് രേഖാമൂലം നൽകിയതായും മറുപടി നൽകുന്നതിൽ യാതൊരുവിധ വീഴ്ചയും വരുത്തിയിട്ടില്ലെന്നും, അപേക്ഷകൻ കമ്മീഷന് നൽകിയ അപേക്ഷയിൽ ഒന്നാം അപ്പീൽ അധികാരിക്ക് അയച്ചുയെന്ന് അവകാശപ്പെടുന്ന കത്ത് ടി കാര്യാലയത്തിൽ നാളിതുവരെ ലഭ്യമായിട്ടില്ലാത്തതാണെന്നും അപേക്ഷകൻ ഹാജരാകാതിരുന്നത് കോവിഡ് പശ്ചാത്തലമാണെന്ന അനുമാനത്തിൽ അപേക്ഷകന് ഹാജരാകാൻ സമയം നൽകിയത് മൂലമാണ് പ്രസ്തുത ഒന്നാം അപ്പീൽ അപേക്ഷ 21.3.2022 വരെയും തീർപ്പാക്കാതിരുന്നതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 29.12.2021-ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിരുന്നുവെന്ന് കാണുന്നുവെങ്കിലും ആയത് ടിയാന് ലഭിച്ചിട്ടില്ലാത്തതിനാലാണ് 3.1.2022-ന് ടിയാൻ ഒന്നാം അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. മാത്രമല്ല ടി മറുപടി കമ്മീഷൻ പരിശോധിച്ചതിൽ ശ്രീ. ബാലകൃഷ്ണൻ കെ. എന്നയാൾ സമർപ്പിച്ച അപേക്ഷ പ്രകാരമാണ് താലൂക്ക് സർവ്വെയർ അതിർത്തി പുനർനിർണ്ണയം 28.9.2021-ന് ചെയ്ത് നൽകിയിട്ടുള്ളത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ശ്രീബാലസുബ്രഹ്മണ്യൻ എന്നയാളുടെ സ്ഥലം അളന്ന് അതിർത്തി പുനർനിർണ്ണയിച്ച് നൽകിയോ എന്ന വിവരമാണ്. ടി മറുപടിയിൽ നിന്നും ഒന്നാം എതിർകക്ഷി വളരെ ലാഘവത്തോടെയാണ് വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്തു വരുന്നത് എന്ന് കമ്മീഷന് ബോധ്യമാകുന്നു. 29.12.2021-ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിരുന്നുവെങ്കിൽ ഹർജിക്കാരന് ആയത് 3.1.2022-നകം ലഭിക്കേണ്ടതും 3.1.2022-ലെ ഒന്നാം അപ്പീൽ നൽകേണ്ടി വരികയില്ലായിരുന്നു. ആയതിനാൽ 29.12.2021-ന് തന്നെ ഹർജിക്കാരന് മറുപടി അയച്ചു നൽകിയിരുന്നു എന്ന് തെളിയിക്കുന്നതിനായി ഡെസ്പാച്ച് കം സ്റ്റാമ്പ് രജിസ്റ്ററിന്റെ പ്രസക്ത പേജിന്റെ പകർപ്പും, ശ്രീ.ബാലസുബ്രഹ്മണ്യനുമായി ബന്ധപ്പെട്ട വിവരത്തിന് ശ്രീ.കെ.ബാലകൃഷ്ണനുമായി ബന്ധപ്പെട്ട വിവരം എന്തിന് നൽകി എന്നതു സംബന്ധിച്ചുള്ള വിശദീകരണവും 25.5.2022-നകം ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്. ടി വിശദീകരണവും ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പും പരിശോധിച്ച ശേഷം ഇക്കാര്യത്തിൽ വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരം ഒന്നാം എതിർകക്ഷിക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കേണ്ടതുണ്ടോ എന്ന കാര്യത്തിൽ കമ്മീഷൻ തീരുമാനം എടുക്കുന്നതാണ്.

6. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 25.1.2022-ന് നടത്തിയ ഹിയറിംഗിൽ അപേക്ഷകൻ ഹാജരാകാതിരുന്നത് കോവിഡ് പശ്ചാത്തലം മൂലമാകാം എന്ന അനുമാനത്തിൽ അപേക്ഷകന് ഹാജരാകാൻ സമയം നൽകിയത് മൂലമാണ് ഒന്നാം അപ്പീൽ 21.3.2022 വരെ തീർപ്പാക്കാതിരുന്നത് എന്നാണ്. ടി വിശദീകരണം അംഗീകരിക്കത്തക്കതല്ല. ഹിയറിംഗ് നോട്ടീസ് അയച്ചു കഴിഞ്ഞാൽ അപേക്ഷകന് ഹിയറിംഗിൽ പങ്കെടുക്കുകയോ പങ്കെടുക്കാതിരിക്കുകയോ ചെയ്യാം. എന്നാൽ സമയബന്ധിതമായി അപ്പീൽ തീർപ്പാക്കുക എന്നത് അപ്പീൽ അധികാരിയുടെ ചുമതലയാണ്. ഇക്കാര്യത്തിൽ 3.1.2022-ന് നൽകിയ ഒന്നാം അപ്പീൽ 21.3.2022 വരെ രണ്ടാം എതിർകക്ഷി തീർപ്പാക്കാതിരുന്നത് വിവരാവകാശ നിയമം 19(6) വകുപ്പിന്റെ ലംഘനവും ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ച സംബന്ധിച്ച രണ്ടാം എതിർകക്ഷിയുടെ വിശദീകരണം 25.5.2022-നകം കമ്മീഷനിൽ ഹാജരാക്കേണ്ടതാണ്.

7. 29.11.2021–ലെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ഹർജിക്കാരന് നാളിതുവരെ ലഭിച്ചിട്ടില്ല എന്ന് കാണുന്നതിനാൽ ഹർജിക്കാരന്റെ അപേക്ഷ ഒരിക്കൽ കൂടി പരിശോധിച്ച് ഒന്നാം എതിർകക്ഷി വ്യക്തമായ മറുപടി തയ്യാറാക്കി 20.5.2022–നകം ഹർജിക്കാരന് രജിസ്റ്റേർഡ് തപാലിൽ അയച്ചു കൊടുക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 11–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us

RIGHT TO INFORMATION